**ഇഹ്സാൻ**

# ‘റോ’ വീണ്ടും പ്രതിക്കൂട്ടിൽ

കാർഗിൽ യുദ്ധകാലത്ത് ഇന്ത്യ പാകിസ്താനു കൈമാറിയ ഒരു ടെലിഫോൺ സംഭാഷണ ശകലത്തെ കുറിച്ച് ഏറെ വർഷങ്ങൾക്കു ശേഷം സജീവമായ ചർച്ച ആരംഭിച്ചിരിക്കുന്നു. എൻ.ഡി.എ സർക്കാറിന്റെ കാലത്തെ ഏറ്റവും മികച്ച സൈനിക നേട്ടമായാണ് പാകിസ്താൻ സർവസൈന്യാധിപൻ മുശർറഫും ജനറൽ മുഹമ്മദ് അസീസും തമ്മിലുള്ള ഈ സംഭാഷണം ചോർത്താൻ കഴിഞ്ഞതിനെ പലരും വ്യാഖ്യാനിക്കുന്നത്. കാർഗിൽ യുദ്ധം അവസാനിക്കാൻ കാരണമായത് ഈ ടെലിഫോൺ സംഭാഷണം പുറത്തുവന്നതുകൊണ്ടാണെന്നു പോലും പറയപ്പെടുന്നുണ്ട്. അതേസമയം ഇന്ത്യൻ ചാരസംഘടനകളുടെ മൂക്കിനു താഴെ കാർഗിലിൽ പാകിസ്താൻ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളെ കുറിച്ച് കേന്ദ്ര സർക്കാറിനോ ഈ ഏജൻസികൾക്കോ ഒരു എത്തുംപിടിയും ഉണ്ടായിരുന്നില്ലെന്ന ആരോപണത്തെ ശരിവെക്കുന്നതാണ് ചോർത്തിയെടുത്ത സംഭാഷണശകലമെന്ന വാദവും ഉയരുന്നുണ്ട്. കഴിഞ്ഞ ലക്കം *ഔട്ട്ലുക്ക്* (2007 ജൂലൈ 2) പ്രസിദ്ധീകരിച്ച അഭിമുഖത്തിലാണ് വിവാദങ്ങളുടെ തുടക്കം. കാർഗിലിനു തൊട്ടുടനെ റിസർച്ച് ആന്റ് അനാലിസിസ് വിംഗ് അഥവാ ‘റോ’ എന്നറിയപ്പെടുന്ന ഇന്ത്യയുടെ വിദേശകാര്യ ചാരവിഭാഗത്തിൽ ടെക്നിക്കൽ ഇന്റലിജൻസ് ഡയറക്ടറായി ചുമതലയേറ്റ മേജർ ജനറൽ വി.കെ സിംഗ് പ്രസിദ്ധീകരിക്കാനൊരുങ്ങുന്ന പുസ്തകത്തെ കുറിച്ചായിരുന്നു ഈ അഭിമുഖം. ‘ഇന്ത്യയുടെ വിദേശ രഹസ്യാന്വേഷണം - റോയുടെ രഹസ്യങ്ങൾ’ എന്നു പേരിട്ട പുസ്തകം പ്രധാനമായും രഹസ്യാന്വേഷണ സംഘടനകളുടെ കുത്തഴിഞ്ഞ പ്രവർത്തനരീതിയെ കുറിച്ചാണ് ചർച്ചചെയ്യുന്നത്. കാർഗിലുമായി ബന്ധപ്പെട്ട ചില ഉന്നതതല വീഴ്ചകൾ പുസ്തകത്തിൽ അക്കമിട്ടു പറയുന്നുമുണ്ട്. പശു ചത്തിട്ടും മോരിന്റെ പുളി തീരാത്ത മട്ടിലുള്ള ഈ പരാമർശങ്ങളാണ് എൻ.ഡി.എ പക്ഷപാതികളും അല്ലാത്തവരുമായ നയതന്ത്ര, മാധ്യമ, രഹസ്യാന്വേഷണ വിദഗ്ധർക്കിടയിൽ ഇപ്പോൾ കൊണ്ടുപിടിച്ചു വാഗ്വാദങ്ങൾക്ക് കാരണമായിരിക്കുന്നത്.

1999 മെയ് മാസം 24-നും 29-നും പാകിസ്താനിൽനിന്നും അപ്പോൾ ബീജിംഗിലായിരുന്ന മുശർറഫുമായി മേജർ അസീസ് നടത്തിയതാണ് ഇന്ത്യ ചോർത്തിയെടുത്ത സംഭാഷണശകലം. ‘ഇത് പാകിസ്താനിൽനിന്നാണ്. റൂം നമ്പർ 83315-ലേക്ക് കണക്ട് ചെയ്യുക’ എന്ന് മേജർ അസീസ് ആവശ്യപ്പെടുന്നതു മുതൽ ആരംഭിക്കുന്ന സംഭാഷണം കാർഗിലിൽ നടക്കുന്നത് സൈനികേതരമായ നീക്കങ്ങളാണ് എന്ന് അക്കാലത്ത് പാകിസ്താൻ നടത്തിക്കൊണ്ടിരുന്ന അവകാശവാദങ്ങളെ തകർക്കാനും ഒപ്പം പാക് സൈന്യത്തിന്റെ നീക്കങ്ങളെ കുറിച്ച് പ്രധാനമന്ത്രി നവാസ് ശരീഫിന് വേണ്ടത്ര ധാരണ ഉണ്ടായിരുന്നില്ലെന്ന് സ്ഥാപിക്കാനും ഇന്ത്യയെ സഹായിക്കുന്നതായിരുന്നു. അന്നത്തെ റോ ഡയറക്ടർ അരവിന്ദ് ദാവെ, കാബിനറ്റ് സെക്രട്ടറി ബ്രജേഷ് മിശ്ര, വിദേശകാര്യ മന്ത്രി ജസ്വന്ത് സിംഗ് എന്നിവർ നടത്തിയ കണക്കുകൂട്ടലിൽ ഈ വിവരങ്ങൾ പുറത്തുവരുന്നതാണ് ഇന്ത്യക്ക് കാർഗിൽ യുദ്ധത്തിൽ അന്താരാഷ്ട്ര പിന്തുണ നേടാൻ സഹായകമാവുകയെന്നായിരുന്നു കണ്ടത്. അങ്ങനെയാണ് ഈ സംഭാഷണം നവാസ് ശരീഫിന് നൽകാനും പിന്നീട് പുറത്തുവിടാനും ഇന്ത്യ തീരുമാനിച്ചത്.

പാകിസ്താനിൽനിന്നും മേജർ അസീസ് മെയ് 26-ന് നടത്തിയ ഒന്നാമത്തെ സംഭാഷണം ഇങ്ങനെയാണ്: ‘നാം നമ്മുടെ പ്രതിരോധ നിയന്ത്രണരേഖയിലാണെങ്കിലും അവർ (ഇന്ത്യ) ഐക്യരാഷ്ട്ര സഭയുടെ മേൽനോട്ടത്തിലുള്ള വേർതിരിക്കലിന് ഇതേവരെ തയാറായിട്ടില്ല. പക്ഷേ ഇക്കാര്യം നാം അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തെ നമുക്ക് ചൂഷണം ചെയ്യാനാവും.’ എം.ഐ 17 നമ്മുടെ ഏരിയയിലാണോ വീണതെന്ന മറുചോദ്യമാണ് മുശർറഫിന്റെ ഭാഗത്തുനിന്നും ഉയരുന്നത്. ഇതിന് അസീസ് നൽകുന്ന മറുപടി ‘അല്ല സർ. അതവരുടെ ഏരിയയിൽ തന്നെയാണ്. നാം അക്കാര്യത്തിൽ നേരിട്ടല്ല, മുജാഹിദുകളിലൂടെയാണ് അവകാശവാദമുന്നയിച്ചത്’ എന്നാണ്. അതു നന്നായെന്ന് മുശർറഫ് അസീസിനെ പ്രശംസിക്കുകയും ചെയ്യുന്നു. മെയ് 29-ന് ഇരുവരും വീണ്ടും നടത്തിയ സംഭാഷണത്തിൽ മുശർറഫ് അസീസിനോട് പറയുന്നത് ചർച്ചകളും സന്ധി സംഭാഷണവുമൊക്കെ തുടരുന്നതോടൊപ്പം തന്നെ യുദ്ധഭൂമിയിൽ ഒരു മാറ്റവും വരുത്തരുതെന്നാണ്. വെറുതെ ബേജാറാകേണ്ട കാര്യമില്ലെന്ന് നവാസിനോട് പറഞ്ഞിട്ടുണ്ടെന്നാണ് അസീസ് നൽകുന്ന മറുപടി. വെറും ഒരാഴ്ച മാത്രം മുമ്പെ കമാണ്ടർമാർ പറഞ്ഞപ്പോഴാണ് താൻ ഇക്കാര്യം അറിഞ്ഞതെന്ന് നവാസ് സമ്മതിച്ച കാര്യവും ഓപ്പറേഷന്റെ ഏറ്റവും വലിയ വിജയം ഇവ്വിധം രഹസ്യം സൂക്ഷിക്കാൻ കഴിഞ്ഞതാണെന്നും അസീസ് തുടർന്ന് പറയുന്നുണ്ട്.

ഈ ടേപ്പ് നവാസ് ശരീഫിന് നേരിൽ കൈമാറിയെന്ന വെളിപ്പെടുത്തൽ തെറ്റാണെന്ന് അന്നത്തെ കാബിനറ്റ് അഡീഷണൽ സെക്രട്ടറി ബി. രാമൻ നിഷേധിച്ചിട്ടുണ്ട്. ഇത് വെറുമൊരു സാങ്കേതിക അവകാശവാദം മാത്രമാണെന്നാണ് തെളിയുന്നത്. *ഒബ്സർവർ* പത്രത്തിന്റെ മുതിർന്ന റാങ്കിലുള്ള ആർ.കെ മിശ്രയെ ആസ്ത്രേലിയയിൽനിന്ന് വിളിച്ചുവരുത്തി അദ്ദേഹത്തിന്റെ കൈവശമാണ് നവാസ് ശരീഫിനുള്ള ഓഡിയോ കാസറ്റും അതിന്റെ പകർപ്പും ഇന്ത്യ കൊടുത്തയച്ചത്. മിശ്രക്ക് നവാസുമായുള്ള കൂടിക്കാഴ്ചാ അനുമതി ഇന്ത്യൻ പ്രധാനമന്ത്രി കാര്യാലയം നേരിട്ടാണ് ഏർപ്പാടാക്കിയതെന്നും പിൽക്കാലത്ത് പുറത്തുവന്നിട്ടുണ്ട്. പാകിസ്താനെ ചില ‘ബാക്ക്ഡോർ’ വഴികളിലൂടെ കാര്യം അറിയിക്കുക മാത്രമാണ് ചെയ്തതെന്ന അവകാശവാദം ഇപ്പോൾ ഉന്നയിക്കുന്നത് ഫലത്തിൽ വാജ്പേയി സർക്കാറിന്റെ ഇമേജ് രക്ഷിക്കാനാണെന്നാണ് വ്യക്തമാവുന്നത്. കാർഗിലിൽ രക്ഷപ്പെടാൻ ഒരു നിവൃത്തിയും ഇല്ലാതെ വന്നപ്പോൾ അറ്റകൈക്ക് എൻ.ഡി.എ സർക്കാർ നടത്തിയ ഈ നീക്കം ഫലത്തിൽ പരാജയം സമ്മതിക്കുന്നതിന് തുല്യമായിരുന്നു. നവാസ് അറിയാതെയാണ് മുശർറഫ് കളിക്കുന്നതെന്നും അദ്ദേഹത്തെ നിലക്കുനിർത്തണമെന്നുമാണല്ലോ തത്ത്വത്തിൽ ഇന്ത്യ ഉന്നയിച്ച ആവശ്യം. ശത്രു സൈന്യാധിപനെ നിലക്കുനിർത്തണമെന്ന് ശത്രു രാജാവിനോട് അഭ്യർഥിക്കുന്നതിന് തുല്യമായിരുന്നു ഈ പ്രവൃത്തി. സ്വന്തം ഇന്റലിജൻസും സൈനികനീക്കങ്ങളും ഏതാണ്ട് പരാജയം സമ്മതിച്ച ഘട്ടത്തിലാണ് വാജ്പേയി സർക്കാർ ഈ അറ്റകൈ പ്രയോഗം നടത്തിയതെന്നും വ്യക്തമാവുന്നു.

ഇന്റലിജൻസ് സംഘടനകളുടെ തലപ്പത്ത് അസാധാരണമായ അധികാരങ്ങളോടെയാണ് പല ഉദ്യോഗസ്ഥരും വിരാജിക്കുന്നതെന്നും വിനിയോഗിക്കുന്ന പണത്തെ കുറിച്ചോ ചെയ്യുന്ന പ്രവൃത്തികളെ കുറിച്ചോ ഇവർക്ക് ആരോടും മറുപടി പറയാനില്ലെന്നും സമർഥിക്കുന്നതിനിടെയിലാണ് വി.കെ സിംഗിന്റെ പുസ്തകം ആനുഷംഗികമായി ഇക്കാര്യം സൂചിപ്പിക്കുന്നത്. റോ ആകട്ടെ, ഇന്റലിജൻസ് ഏജൻസികളാകട്ടെ നികുതിപ്പണം കൊണ്ട് പ്രവർത്തിക്കുന്ന ഈ സംഘടനകളെ നിരീക്ഷണവിധേയമാക്കണമെന്ന പുസ്തകത്തിലെ പ്രധാന ആവശ്യം ഡസൻ കണക്കിന് തെളിവുകളിലൂടെ സിംഗ് സ്ഥാപിക്കുന്നുണ്ട്. ഇന്റലിജൻസിലും റോയിലുമൊക്കെ ആർ.എസ്.എസ് അനുഭാവികളുടെ അതിപ്രസരമാണെന്ന വെളിപ്പെടുത്തലിന് തൊട്ടുപിന്നാലെയാണ് ഈ സംഘടനകളുടെ പിടിപ്പുകേടിനെയും സാമ്പത്തിക ക്രമക്കേടുകളെയും കുറിച്ച ഞെട്ടിക്കുന്ന പുതിയ വിവരങ്ങൾ പുറത്തുവരുന്നത്. 15,000 രൂപ കൊടുത്താൽ മാർക്കറ്റിൽ വാങ്ങാൻ കിട്ടുന്ന ഒരുതരം ഏരിയൽ 12 ലക്ഷം രൂപയുടെ ബില്ലുണ്ടാക്കി റോ വാങ്ങിയത് ഉദാഹരണമായി സിംഗ് ചൂണ്ടിക്കാട്ടുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ഉള്ളതുപോലെ ഇവർക്കുമേൽ പാർലമെന്റിന്റെ നിയന്ത്രണം ഏർപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നതിന് ഒന്നിനു പിറകെ ഒന്നായി വരുന്ന ഈ വെളിപ്പെടുത്തലുകൾ അടിവരയിടുന്നു.

■